**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** — **12-07-2022 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക് ഹോസ്റ്റലുകളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാക്കി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ജില്ലയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് എല്ലാവർക്കും പ്രവേശനം നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ട്. |
| (ബി) | ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ മതിയായ സൗകര്യങ്ങളും ജീവനക്കാരും ഉണ്ടെങ്കിലും കുട്ടികൾ കുറവുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഉറുകുന്ന്, അച്ചൻകോവിൽ, കൊല്ലം എന്നീ ഹോസ്റ്റലുകളിൽ അനുവദനീയമായ അത്രയും കുട്ടികൾ എത്തിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തനക്ഷമമായ 7 ഹോസ്റ്റലുകളിൽ കൊട്ടാരക്കര ഒഴികെയുള്ള സ്ഥലങ്ങളിൽ യഥാർത്ഥ എണ്ണത്തേക്കാൾ കുറവ് വിദ്യാർത്ഥികൾ മാത്രമേ പ്രവേശനം നേടിയിട്ടുള്ളൂ. |
| (സി) | നിലവിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാക്കി ഉയർത്തി പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുമോ; വിശദമാക്കാമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ 10% പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി വരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ശാസ്താംകോട്ട പ്രീമെട്രിക് ഹോസ്റ്റൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലായി ഉയർത്തുന്നതിന് ശുപാർശ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ